**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5476** **13-08-2021 - ൽ മറുപടിയ്ക്ക്**

**പഠനമുറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്തെ പട്ടികവിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ കുട്ടികളുടെ ഉന്നമനത്തിനായി സർക്കാർ പ്രഖ്യാപിച്ച പഠനമുറികൾ ഇതുവരെ എത്ര കുട്ടികൾക്ക് അനുവദിച്ചിട്ടുണ്ടെന്ന കണക്ക് ജില്ലതിരിച്ച് ലഭ്യമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പ് നടപ്പാക്കി വരുന്ന പഠനമുറി പദ്ധതി പ്രകാരം 24853 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് വ്യക്തിഗത ആനുകൂല്യമായി പഠനമുറി എന്ന പദ്ധതി നടപ്പിലാക്കുന്നില്ല. കുറഞ്ഞത് 20 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠനം നടത്തുന്ന കോളനികൾ കേന്ദ്രീകരിച്ച് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി സാമൂഹ്യപഠനമുറി എന്ന പദ്ധതിയാണ് പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്നത്. |
| (ബി) | ഈ വിഭാഗത്തിൽ ഇനിയും പഠനമുറിക്കായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇവർക്ക് എപ്പോൾ പഠനമുറി അനുവദിക്കുമെന്നും വ്യക്തമാക്കാമോ? | (ബി) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട 8 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് വകുപ്പ് മുഖേന ധനസഹായം അനുവദിക്കുന്നത്. ആയത് പ്രകാരം നടപ്പ് വർഷം 5000 പഠനമുറികൾ നിർമ്മിക്കുന്നതിന് ജില്ലകൾക്ക് ഭൗതിക ലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം –1

## വകുപ്പ് മുഖേന അനുവദിച്ച പഠനമുറികളുടെ എണ്ണം

| ജില്ല | 2017-18 | 2018-19 | 2019-20 | 2020-21 | ആകെ |
|---|---|---|---|---|---|
| തിരുവനന്തപുരം | 625 | 512 | 400 | 750 | **2287** |
| കൊല്ലം | 588 | 454 | 445 | 786 | **2273** |
| പത്തനംതിട്ട | 395 | 304 | 328 | 500 | **1527** |
| ആലപ്പുഴ | 443 | 353 | 360 | 500 | **1656** |
| കോട്ടയം | 378 | 280 | 280 | 500 | **1438** |
| ഇടുക്കി | 332 | 237 | 270 | 469 | **1308** |
| എറണാകുളം | 689 | 520 | 520 | 747 | **2476** |
| തൃശ്ശൂർ | 743 | 535 | 540 | 833 | **2651** |
| പാലക്കാട് | 815 | 558 | 555 | 841 | **2769** |
| മലപ്പുറം | 661 | 467 | 480 | 745 | **2353** |
| കോഴിക്കോട് | 454 | 380 | 380 | 623 | **1837** |
| വയനാട് | 125 | 80 | 100 | 350 | **655** |
| കണ്ണൂർ | 185 | 130 | 135 | 214 | **664** |
| കാസർഗോഡ് | 190 | 170 | 200 | 399 | **959** |
| **ആകെ** | **6623** | **4980** | **4993** | **8257** | **24853** |